**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 321 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ഇരവിപുരം മണ്ഡലത്തിലെ അംഗനവാടികളുടെ നവീകരണം** | |
| ചോദ്യം | മറുപടി |
| **ശ്രീ.എം. നൗഷാദ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളുടെ നവീകരണത്തിനായി ഇരവിപുരം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) ഇരവിപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ കൊല്ലം അർബൻ I, കൊല്ലം അർബൻ II എന്നീ രണ്ട് ഐസിഡിഎസ് പ്രോജക്ട് ഓഫീസുകൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇരവിപുരം നിയോജക മണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണത്തിനായി ചുവടെ വിവരിക്കും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5 അങ്കണവാടി കെട്ടിടങ്ങൾക്ക് നവീകരണം നടത്തിയിട്ടുണ്ട്.<br>2. സ്വന്തം കെട്ടിടമുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കുടിവെള്ള സംവിധാനം ലഭ്യമാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 3 അങ്കണവാടികൾക്ക് 10,000/- രൂപ ക്രമത്തിൽ 30,000/- രൂപ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br>3. ഇരവിപുരം നിയോജക മണ്ഡലത്തിലെ 11 അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ് ലെറ്റ് നിർമ്മിക്കുന്നതിനായി 12,000/- രൂപ യൂണിറ്റ് കോസ്റ്റിൽ വനിത ശിശു വികസന വകുപ്പിൽ നിന്നും 1,32,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾ | (ബി) ഇരവിപുരം നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 118 അങ്കണവാടികൾ ഉണ്ട്. അപ്രകാരം |

| | |
|---|---|
| ഉണ്ടെന്ന് അറിയിക്കാമോ; അപ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | സ്വന്തമായി കെട്ടിടമില്ലാത്ത കൊല്ലം അർബൻ I ഐസിഡിഎസിലെ ഒരു അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിന് കൊല്ലം കോർപ്പറേഷൻ 23 ലക്ഷം രൂപ അനുവദിച്ച് കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.<br>കൊല്ലം അർബൻ II ഐസിഡിഎസിലെ 11 അങ്കണവാടികൾക്ക് 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൊല്ലം കോർപ്പറേഷന്റെ വാർഷിക പദ്ധതിയിൽ 1,77,50,000/- (ഒരു കോടി എഴുപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ വകയിരുത്തിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷത്തിൽ കൊല്ലം കോർപ്പറേഷന്റെ പദ്ധതിയിൽ 1,61,00,000/-രൂപ അടങ്കൽ തുക വകയിരുത്തി 9 അങ്കണവാടികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ